

# ജഗദ്ഗുരുവിന്റെ ലക്ഷ്യസാക്ഷാത്കാരം ഹിന്ദുസമൂഹത്തിന്റെ കടമ: നാരായൺജി മഹാരാജ്

സ്വന്തം ലേഖകൻ

ചേങ്കോട്ടുകോണം: ജഗദ്ഗുരു സ്വാമി സത്യാനന്ദ സരസ്വതി തുടങ്ങിവച്ച പ്രവർത്തനങ്ങളുടെ പൂർത്തീകരണം ഹിന്ദുസമൂഹത്തിന്റെ കടമയാണെന്ന് പൂന ശ്രീക്ഷേത്ര നാരായൺപൂർ മഠാധിപതി വിശ്വചൈതന്യ സദ്ഗുരു നാരായൺജി മഹാരാജ് ഓർമ്മിപ്പിച്ചു. സ്വാമിജിയുടെ നാൽപ്പത്തി ഒന്നാം മഹാസമാധിദിനത്തോടനുബന്ധിച്ച് ജ്യോതിക്ഷേത്രപരിസരത്തുചേർന്ന ശ്രദ്ധാഞ്ജലി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജാതിവ്യത്യാസം പിച്ചിച്ചീന്തി എല്ലാ ഹിന്ദുക്കളെയും ഒരുമിപ്പിക്കാൻ ശ്രമിച്ച യതിവര്യനാണ് സ്വാമിജി. പാവപ്പെട്ടവരുടെയും കഷ്ടപ്പെടുന്നവരുടെയും ഉയർച്ചയ്ക്കായി സ്വാമിജി അക്ഷീണം പ്രയത്നിച്ചതായി നാരായൺജി മഹാരാജ് പറഞ്ഞു.

ഏകലോകത്തിനുവേണ്ടി പരിശ്രമിച്ച സത്യദർശികളുടെ കൂട്ടത്തിൽ ജഗദ്ഗുരു സ്വാമി സത്യാനന്ദസരസ്വതിയുടെ സ്ഥാനം അദ്വിതീയമാണെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ബ്രഹ്മശ്രീ സ്വാമി പ്രകാശാനന്ദ സ്വാമികൾ പറഞ്ഞു. ലോകത്തിന്റെ നന്മയ്ക്കായി അദ്ദേഹം ഒട്ടനവധി കർമ്മങ്ങൾ അനുഷ്ഠിച്ചു. ധീരനായ സന്യാസിയായിരുന്നു ജഗദ്ഗുരു. അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ പൂർത്തിയാക്കാൻ പ്രയത്നിക്കണമെന്ന് പ്രകാശാനന്ദ ഹിന്ദുസമൂഹത്തോട് ആഹ്വാനം ചെയ്തു.

ഗുരുത്വമാണ് മാനവകുലത്തിന്റെ മുന്നേറ്റത്തിന് കാരണമായിത്തീർന്നത്. ഗുരുത്വത്തിന്റെ പര്യായമായി തീരുന്നതുകൊണ്ടാണ് ജഗദ്ഗുരു

തെന്ന് ശ്രദ്ധാഞ്ജലി പ്രഭാഷണം നിർവ്വഹിച്ച ബ്രഹ്മശ്രീ സ്വാമി ശക്രാനന്ദ് മഹാരാജ് പറഞ്ഞു. അതുകൊണ്ടാണ് അദ്ദേഹത്തിന് ഇത്രയേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞതും. സ്വാമിജിയോടൊപ്പം നിന്ന നമ്മൾക്ക് അതില്ലാതെ പോയി. ജഗദ്ഗുരു ധീരനായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന് അഭിപ്രായങ്ങൾ ലോകത്തിനുമുമ്പിൽ ശക്തമായി അവതരിപ്പിക്കാൻ കഴിഞ്ഞത്. ഡോ. എ. ബാലകൃഷ്ണൻനായർ, ഡോ. സി.എൻ. ബാലകൃഷ്ണൻനായർ, അഡ്വ. എം.എ.വാഹിദ് എം.എൽ.എ., ടി.എൻ.ഉപേന്ദ്രനാഥക്കുറുപ്പ്, സ്വാമി പ്രഭാകരാനന്ദസ്വാമി സരസ്വതി, കുമ്മനം രാജശേഖരൻ, കെ.പി.ചിത്രഭാനു, വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള, എൻ. പീതാംബരക്കുറുപ്പ് എന്നിവരും ശ്രദ്ധാഞ്ജലി പ്രഭാഷണങ്ങൾ നടത്തി. ബ്രഹ്മശ്രീ സ്വാമി കൃഷ്ണാനന്ദസരസ്വതി തൃപ്പാദങ്ങളുടെ ഗുരുപൂജയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. ഡോ: പൂജപ്പുര കൃഷ്ണൻനായർ സ്വാഗതവും ബ്രഹ്മചാരി സായി സമ്പത്ത് മംഗളാചരണവും നടത്തി. കെ.സോമശേഖരൻനായരുടെ രാമായണപാരായണം നടത്തി.

രാവിലെ ആറിന് മഹാഗണപതിഹോമത്തോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. തുടർന്ന് ആരാധന, മഹാസുദർശന ഹോമം, രാമായണപാരായണം എന്നിവ നടന്നു. എട്ടിന് ലക്ഷാർച്ചന ആരംഭിച്ചു. 10.30ന് ആശ്രമത്തിൽ ആചാര്യൻമാരെ സ്വീകരിച്ച് ശംഖനാദം, താലപ്പൊലി, പാണിവിളക്ക് എന്നിവയുടെ അകമ്പടിയോടെ ജ്യോതിക്ഷേത്രത്തിലേക്ക് ആനയിച്ചു.

ബ്രഹ്മചാരി ബ്രഹ്മചൈതന്യയുടെ നേതൃത്വത്തിൽ ശ്രീരാമദാസാശ്രമത്തിലെ ബ്രഹ്മചാരികൾ ആചാരവിധിപ്രകാരം സന്യാസിവര്യന്മാരുടെ പാദം കഴുകി ജല, ഗന്ധ, പുഷ്പ, ധൂപ, ദീപങ്ങൾ സമർപ്പിച്ച് പൂജിച്ചു. തുടർന്ന് പ്രത്യേകം സജ്ജമാക്കിയ വേദിയിൽ സന്യാസിവര്യന്മാർക്ക് നൈവേദ്യം സമർപ്പിച്ചതോടെ യതിപൂജ പൂർണമായി. ഭക്തജനങ്ങൾക്കായി ആശ്രമ സദ്യാലയത്തിൽ നടന്ന പ്രസാദസദ്യയിൽ ആയിരങ്ങൾ പങ്കെടുത്തു.

## ചരിത്രമായി തീർന്ന യതിപൂജ

ചേങ്കോട്ടുകോണം: ഹൈന്ദവജനകോടികൾക്ക് പ്രത്യാശയുടെ ഭാവിചൂണ്ടിക്കാണിക്കുകയും അതിനുവേണ്ടി ജീവിതം സമർപ്പിക്കുകയും ചെയ്ത ജഗദ്ഗുരു സ്വാമി സത്യാനന്ദസരസ്വതിയുടെ 41-ാം മഹാസമാധി ദിനത്തോടനുബന്ധിച്ച് നടന്ന യതിപൂജ ചരിത്രമായിതീർന്നു.

വ്യത്യസ്ഥ സമ്പ്രദായങ്ങളിൽപ്പെട്ട ഇത്രയേറെ ഹൈന്ദവാചാര്യന്മാർ ഒരുമിച്ചുകൂടിയ മറ്റൊരു യതി പൂജ കേരളത്തിൽ നടന്നിട്ടില്ല. പതിറ്റാണ്ടുകളായി ഹൈന്ദവനവോത്ഥാനത്തിനുവേണ്ടി പ്രയത്നിക്കുകയും ഒട്ടേറെ ചടങ്ങുകളിൽ പങ്കെടുക്കുകയും ചെയ്ത ഹിന്ദു ഐക്യവേദി ജനറൽസെക്രട്ടറി കുമ്മനം രാജശേഖരൻ ഇക്കാര്യം അടിവരയിട്ടുപറയുന്നു. വിശാല ഹിന്ദു ഐക്യത്തിനുവേണ്ടി പ്രവർത്തിച്ച സ്വാമിജിയുടെ സമാധിയോടനുബന്ധിച്ചുള്ള യതിപൂജയിൽ 121 ഹൈന്ദവാചാര്യന്മാരെയാണ് ഒരേ വേദിയിൽ ആദരിച്ചത് ഹൈന്ദവമുന്നേറ്റത്തിന്റെ പാതയിൽ വഴിതിരിവാകുമെന്നാണ് ആചാര്യന്മാരിൽ പലരും അഭിപ്രായപ്പെട്ടത്.